# പ്രഥമ കമ്യൂണിസ്റ്റ് സർക്കാറിന്റെ സുവർണ ജൂബിലി

**1957** ഏപ്രിൽ 5-ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ പ്രഥമ കേരള മന്ത്രിസഭയുടെ സുവർണജൂബിലി ആഘോഷിക്കുകയാണ് സംസ്ഥാനത്തെ കമ്യൂണിസ്റ്റ് പാർട്ടികളും ഇടതുമുന്നണി സർക്കാറും. പ്രഥമ മന്ത്രിസഭ രാജ്യത്തെ പ്രഥമ കമ്യൂണിസ്റ്റ് മന്ത്രിസഭ കൂടിയായിരുന്നതുകൊണ്ടാണ് വാർഷികാഘോഷ പരിപാടികൾ കമ്യൂണിസ്റ്റുകാരുടേത് മാത്രമായത്. ആ മന്ത്രിസഭയെ താഴെ ഇറക്കിയ കോൺഗ്രസ്സും മുസ്‌ലിംലീഗും ആഘോഷ പരിപാടികൾ ബഹിഷ്കരിക്കുന്നതും സ്വാഭാവികം. അന്ന് പ്രതിപക്ഷത്തിരുന്ന ഈ പാർട്ടികളോടൊപ്പം പ്രജാ സോഷ്യലിസ്റ്റ് പാർട്ടി കൂടിയുണ്ടായിരുന്നു വിമോചനസമരത്തിൽ. പി.എസ്.പി ഇന്നില്ല. വിമോചനസമരത്തിൽ പ്രധാന പങ്കുവഹിച്ച കത്തോലിക്കാ ചർച്ചും എൻ.എസ്.എസ്സും ഇന്നും സജീവമാണ്. വിമോചനസമരം ന്യായമായിരുന്നു എന്ന അഭിപ്രായം പള്ളി ഇപ്പോഴും വെച്ചുപുലർത്തുമ്പോൾ എൻ.എസ്.എസ് ആചാര്യൻ മന്നത്ത് പത്മനാഭൻ കമ്യൂണിസ്റ്റ് സർക്കാർവിരുദ്ധ വിമോചനസമരത്തിന്റെ നായകൻ തന്നെയായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമിയായി ഇന്ന് നായർ സംഘടനയെ നയിക്കുന്ന പി.കെ നാരായണ പണിക്കർ ഇടതു-വലതു മുന്നണികളുമായി സമദൂര സിദ്ധാന്തമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഇ.എം.എസ് മന്ത്രിസഭക്ക് വെറും 28 മാസമേ അധികാരത്തിലിരിക്കാൻ സാധിച്ചുള്ളൂ. അപ്പോഴേക്ക് കോൺഗ്രസ് അധ്യക്ഷ ശ്രീമതി ഇന്ദിരാഗാന്ധിയുടെ സമ്മർദത്തിനു വഴങ്ങി ജനാധിപത്യ ഇന്ത്യയുടെ ഏറ്റവും കരുത്തനായ ശിൽപിയായി വാഴ്ത്തപ്പെടുന്ന ജവഹർലാൽ നെഹ്റുവിന്റെ കേന്ദ്രസർക്കാർ ഭരണഘടനയുടെ 356-ാം വകുപ്പ് എടുത്തുവീശി പ്രഥമ കമ്യൂണിസ്റ്റ് സർക്കാറിനെ പിരിച്ചുവിട്ടു. കേന്ദ്രത്തിന്റെ പിരിച്ചുവിടലും അതിനാധാരമായ വിമോചനസമരവും തെറ്റായിരുന്നു എന്ന വിലയിരുത്തൽ കമ്യൂണിസ്റ്റുകാർക്ക് മാത്രമല്ല നിഷ്പക്ഷരായ ജനാധിപത്യ വിശ്വാസികൾക്കുമുണ്ട്. ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാറുകൾക്ക് തെറ്റുപറ്റിയാൽ തിരുത്താൻ സമാധാനപരമായ പ്രക്ഷോഭങ്ങളാവാം. പാർട്ടി അണികളെ സെൽഭരണത്തിന് കയറൂരിവിട്ടതാണ് വിമോചനസമരത്തിന് ന്യായീകരണമായി ഇന്നും അതിന്റെ വക്താക്കൾ ചൂണ്ടിക്കാട്ടുന്നത്. പക്ഷേ, ആശയസമരവും ജനകീയ ചെറുത്തുനിൽപും വഴി നേടേണ്ടതായിരുന്നു ലക്ഷ്യം. സി.ഐ.എയുടെ പണം വാങ്ങി തെരുവുയുദ്ധം സംഘടിപ്പിക്കുകയും കേന്ദ്രസർക്കാർ ഭരണഘടനാദത്തമായ അധികാരം ദുരുപയോഗപ്പെടുത്തുകയും ചെയ്തതോടെ വിമോചനസമരത്തെ നീതീകരിക്കാൻ പഴുതില്ലാതായി. സി.ഐ.എയുടെ ഫണ്ടിംഗ് പിന്നീട് എ.കെ. ആന്റണിയടക്കം സമ്മതിച്ച വസ്തുതയാണ്, ഇന്ത്യയിലെ അമേരിക്കൻ അംബാസഡറായിരുന്ന പാട്രിക് മൊയ്നിഹാൻ 'എ ഡെയ്ഞ്ചറസ് പ്ലെയ്സ്' എന്ന പുസ്തകത്തിൽ, അന്നത്തെ കോൺഗ്രസ് അധ്യക്ഷ ഇന്ദിരാഗാന്ധി സി.ഐ.എയിൽനിന്ന് നേരിട്ട് പണം സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. എം.ആർ.എ (മോറൽ റീ ആർമമെന്റ്) എന്ന പേരിൽ സി.ഐ.എ സ്പോൺസേർഡായ ഒരു സംഘടന തന്നെ അന്ന് പൊട്ടിമുളച്ചിരുന്നു. ആ സംഘടനയുടെ ആതിഥ്യം സ്വീകരിച്ചാണ് പിന്നീട് മന്നത്ത് പത്മനാഭനും സി.എച്ച് മുഹമ്മദ് കോയയും (കോ-ലണ്ടൻ-കയ്റോ) യൂറോപ്യൻ പര്യടനത്തിന് പോയത്. കത്തോലിക്ക പള്ളിക്കു വേണ്ടി ഡോ. ജോർജ് തോമസ് 'കേരളധ്വനി' പത്രം തുടങ്ങിയതിന്റെ പിന്നിലും വിദേശ ഫണ്ടിംഗായിരുന്നു. വിമോചനസമരത്തിൽ ജമാഅത്തെ ഇസ്‌ലാമി പങ്കെടുത്തില്ല. കമ്യൂണിസത്തെ ആശയസമരത്തിലൂടെ നേരിടുകയല്ലാത്ത കുറുക്കുവഴികളോട് സംഘടന യോജിച്ചതുമില്ല. ഇ.എം.എസ് സർക്കാർ നിഷ്കാസിതമായതിനെത്തുടർന്ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്-മുസ്‌ലിംലീഗ്-പി.എസ്.പി കക്ഷികൾ ഐക്യമുന്നണിയായാണ് മത്സരിച്ചത്. രാജ്യത്തുനിന്നുതന്നെ കമ്യൂണിസത്തെ ഉന്മൂലനം ചെയ്യാൻ ലഭിച്ച സുവർണാവസരം എന്ന നിലയിലായിരുന്നു തെരഞ്ഞെടുപ്പു പ്രചാരണം. എന്നാൽ ആ തെരഞ്ഞെടുപ്പിലും ജമാഅത്ത് പങ്കെടുക്കുകയുണ്ടായില്ല. മാർക്സിസത്തിനെതിരായ സൈദ്ധാന്തിക സമരം തുടരുമ്പോൾ തന്നെയായിരുന്നു ഈ വിട്ടുനിൽക്കൽ. ഒരുപക്ഷത്ത് കമ്യൂണിസ്റ്റ് പാർട്ടിയും മറുപക്ഷത്ത് ജനാധിപത്യ പാർട്ടികളും അണിനിരക്കുന്ന ഈ തെരഞ്ഞെടുപ്പിൽനിന്ന് വിട്ടുനിൽക്കുന്നതു പോലും ഹറാമാണെന്നും അതുവഴി ജമാഅത്തെ ഇസ്‌ലാമി ഇസ്‌ലാമിൽനിന്നുതന്നെ വ്യതിചലിച്ചിരിക്കുകയാണെന്നും അന്ന് പ്രമുഖ മുജാഹിദ് പണ്ഡിതന്മാർ ചേർന്ന് ഫത്‌വ ഇറക്കി. 1960 ഫെബ്രുവരി 1-ന് തെരഞ്ഞെടുപ്പ് നടന്നു; 84.4 ശതമാനം വോട്ട് രേഖപ്പെടുത്തി (മുൻ ഇലക്ഷനിൽ 65.95 ശതമാനം ആയിരുന്നു പോളിംഗ് ശതമാനം). പോളിംഗ് വർധിച്ചിട്ടും കമ്യൂണിസ്റ്റ് പാർട്ടി 36.8 ശതമാനം വോട്ട് നേടി ജനപിന്തുണ തെളിയിച്ചു. ഐക്യമുന്നണിയിലെ കോൺഗ്രസ്സിന് 35.5 ശതമാനം വോട്ടേ ലഭിച്ചുള്ളൂ. പക്ഷേ സീറ്റുകളുടെ എണ്ണത്തിൽ കമ്യൂണിസ്റ്റുകാർ തീരെ പിറകോട്ടുപോയി, 126-ൽ 29 മാത്രം. കോൺഗ്രസ്സിന് 63-ഉം പി.എസ്.പിക്ക് 20-ഉം മുസ്‌ലിംലീഗിന് 11-ഉം സീറ്റുകൾ കിട്ടി. ലീഗ് പെരിന്തൽമണ്ണയിൽ മാത്രമേ പരാജയപ്പെട്ടുള്ളൂ. ഒറ്റക്ക് ഭരിക്കാനുള്ള ഭൂരിപക്ഷം കോൺഗ്രസ് ഉറപ്പാക്കിയതോടെ പാർട്ടിയുടെ മട്ട് മാറി. വർഗീയ കക്ഷിയായ മുസ്‌ലിംലീഗ് മന്ത്രിസഭയിൽ പാടില്ലെന്നായി കോൺഗ്രസ്. ഏറിവന്നാൽ കെ.എം സീതി സാഹിബിന് സ്പീക്കർ പദവി നൽകാമെന്ന് സമ്മതിച്ചു. ലീഗ് അതുകൊണ്ട് തൃപ്തിപ്പെട്ടു.

പക്ഷേ, താമസിയാതെ സീതി സാഹിബ് നിര്യാതനായപ്പോൾ സ്പീക്കർ പദവിയും ലീഗിനില്ലെന്ന് ശഠിച്ചു കോൺഗ്രസ്. സമ്മർദം മുറുകിയപ്പോൾ പാർട്ടി അംഗത്വം രാജിവെച്ചുവന്നാൽ സി.എച്ച് മുഹമ്മദ് കോയയെ സ്പീക്കറാക്കാം എന്ന് വിട്ടുവീഴ്ച ചെയ്തു. ലീഗ് നേതൃത്വം അതിനും വഴങ്ങി. അങ്ങനെയാണ് 'സി. എച്ച് തൊപ്പിയൂരി സ്പീക്കറായി' എന്ന പ്രയോഗം പ്രചരിച്ചത്. പക്ഷേ, ലീഗ്-കോൺഗ്രസ് ബന്ധം മോശമാവാൻ ഈ സംഭവം നിമിത്തമായി. 1964-ൽ ശങ്കർ മന്ത്രിസഭ പാർട്ടിയിലെ ആഭ്യന്തര ശൈഥില്യം മൂലം രാജിവെച്ചൊഴിഞ്ഞപ്പോൾ 1965-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗ്, അതിനകം പിളർന്ന കമ്യൂണിസ്റ്റ് പാർട്ടിയുടെ വലിയ ഘടകമായ സി.പി.എമ്മുമായി പരോക്ഷ ധാരണയിലാണ് മത്സരിച്ചത്. സ്വതന്ത്ര വേഷം കെട്ടിയ അഞ്ചാറ് സ്ഥാനാർഥികളെ മുസ്‌ലിംലീഗ് ജയിപ്പിച്ചെടുത്തത് അങ്ങനെയാണ്. പക്ഷേ ഒരു കക്ഷിക്കും കേവല ഭൂരിപക്ഷം ലഭിക്കാത്തതിനാൽ ആ നിയമസഭ സമ്മേളിക്കാതെ പിരിച്ചുവിടപ്പെടുകയായിരുന്നു. 1967-ലെ തെരഞ്ഞെടുപ്പിലാകട്ടെ മുസ്‌ലിംലീഗ് പരസ്യമായി തന്നെ കമ്യൂണിസ്റ്റ് പാർട്ടികളടങ്ങിയ സപ്തകക്ഷി മുന്നണിയിൽ ഘടകമായി. അന്നേരം അരിവാൾ ചുറ്റിക അടയാളത്തിൽ വോട്ട് ചെയ്ത ഭക്തജനങ്ങളെ ഒരു ഫത്‌വയും വേട്ടയാടിയില്ല! 1967-ലെ ഇ.എം.എസ് മന്ത്രിസഭ മദ്യനിരോധം റദ്ദാക്കുകയും ലോട്ടറി സർക്കാർതലത്തിൽ ആരംഭിക്കുകയും ചെയ്തപ്പോഴും ജമാഅത്തെ ഇസ്‌ലാമിയിൽനിന്നൊഴിച്ച് കാര്യമായ പ്രതികരണം മുസ്‌ലിംസമുദായത്തിൽനിന്നുണ്ടായില്ല.

അരനൂറ്റാണ്ടിനു ശേഷം വീണ്ടും കമ്യൂണിസ്റ്റ് പാർട്ടികൾക്ക് ഭൂരിപക്ഷമുള്ള ഇടതുമുന്നണി കേരളം ഭരിക്കുമ്പോൾ പ്രകടമാവുന്ന അന്തരങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്. പ്രഥമ കമ്യൂണിസ്റ്റ് സർക്കാറിന്റെ ഏറ്റവും വലിയ നേട്ടം കാർഷിക ബന്ധ ബില്ലിലൂടെ ആരംഭിച്ച ഭൂപരിഷ്കരണമായിരുന്നു. ജന്മിത്തത്തിന് തടയിടപ്പെട്ടു; ലക്ഷക്കണക്കിന് കുടിയാന്മാർക്ക് സ്വന്തം പുരയിടത്തിന്റെ ഉടമാവകാശം ലഭിച്ചു. ഭൂ ഉടമാവകാശത്തിന് പരിധിയേർപ്പെടുത്തി. വിദ്യാഭ്യാസരംഗത്തും കാതലായ മാറ്റങ്ങളുണ്ടായി. എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് സർക്കാർ നേരിട്ട് ശമ്പളം കൊടുക്കാൻ ഏർപ്പാടായി. അധ്യാപകർക്ക് ശമ്പള സ്കെയിലും നടപ്പിലായി. പിന്നാക്ക സമുദായ സംവരണം മലബാറിലേക്കും വ്യാപിപ്പിച്ചു. സ്കൂളുകളിൽ അറബി മുൻഷിമാരെ നിയമിച്ചു. പക്ഷേ, സ്വകാര്യ മാനേജ്മെന്റുകളുടെ കൈക്ക് പിടിക്കാനുള്ള വിദ്യാഭ്യാസ മന്ത്രി ജോസഫ് മുണ്ടശ്ശേരിയുടെ നീക്കം പാളിയതാണ് വിമോചനസമരം ക്ഷണിച്ചുവരുത്തിയത്. കോഴിക്കോട്ട് സർക്കാർ മെഡിക്കൽ കോളേജ് വന്നു.

ഇന്നോ? കാർഷികമേഖല വൻ തകർച്ചയെ നേരിടുന്നു. ഭൂപരിഷ്കരണത്തിന്റെ ലക്ഷ്യം പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. നെൽകൃഷി ഒമ്പത് ലക്ഷം ഹെക്ടറിൽനിന്ന് രണ്ടര ലക്ഷം ഹെക്ടറിലേക്ക് ചുരുങ്ങി. അരിയും പച്ചക്കറികളും പഴങ്ങളും പോത്തും ആടും കോഴിയും മുട്ടയും തൈരും മോരും അയൽസംസ്ഥാനങ്ങളിൽനിന്ന് യഥാസമയം ഒഴുകിയാൽ മാത്രം ജീവിക്കാവുന്ന പരുവത്തിലായി കേരളം. കൃഷിയെ പിന്നിലാക്കി വന്ന വ്യവസായങ്ങളിൽ പലതും അടച്ചുപൂട്ടി. അവശേഷിക്കുന്ന വ്യവസായശാലകൾ വെള്ളവും വായുവും കണക്കറ്റ് മലിനമാക്കുന്നു. വെള്ളത്തേക്കാൾ സുലഭമാണ് മദ്യം. വിദ്യാഭ്യാസമേഖലയിലെ മുന്നേറ്റം ദ്രുതഗതിയിലുള്ള കച്ചവടവത്കരണത്തിൽ മുരടിച്ചുനിൽക്കുന്നു. അവകാശത്തെക്കുറിച്ച് മാത്രം പ്രബുദ്ധരും ചുമതലകളെക്കുറിച്ച് ചിന്താശൂന്യരുമായ സർക്കാർ ജീവനക്കാർ, ഇടതുസംഘടനകളുടെ നിയന്ത്രണത്തിലായിരുന്നിട്ടുകൂടി ജനങ്ങൾക്ക് ഭാരവും ഖജനാവിന് ബാധ്യതയുമായി ത്തീർന്നിട്ടുണ്ട്. ഭരണയന്ത്രം മുച്ചൂടും അഴിമതിയിൽ കുളിച്ചാണ് നിൽപ്. ഉദ്യോഗസ്ഥതലത്തിലെ അഴിമതി മന്ത്രിതലത്തിലോ പാർട്ടി തലത്തിലോ ഇല്ല എന്ന പതിവ് സാന്ത്വനം മുഖവിലക്കെടുക്കാൻ ജനങ്ങൾ തയാറല്ല. എസ്.എൻ.സി ലാവലിൻ ഇടപാടടക്കം അവരുടെ ധാരണകളെ ശരിവെക്കുകയും ചെയ്യുന്നു. എ.ഡി.ബി വായ്പ, കുത്തുകകളുടെ കടന്നുകയറ്റം പോലുള്ള ജീവൽപ്രധാന പ്രശ്നങ്ങളിൽ വലതുപക്ഷത്തിന്റേതിൽനിന്ന് മൗലികമായി വ്യത്യസ്തമാണ് ഇടതുപക്ഷം എന്ന് വിശ്വസിപ്പിക്കാൻ സാധിക്കുന്നില്ല. പിന്നാക്ക സമുദായസംവരണം സംസ്ഥാനമൊട്ടുക്കും വ്യാപിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച പാർട്ടി ഏറ്റവും ഒടുവിൽ ചെന്നുനിന്നത് മുസ്‌ലിംകളോ ക്രൈസ്തവരോ കേരളത്തിൽ ന്യൂനപക്ഷ പരിഗണനക്ക് അർഹരല്ല എന്ന നിലപാടിലാണ്. നരേന്ദ്രൻ കമീഷൻ കണ്ടെത്തിയ 18,000 തസ്തികകളുടെ ബാക്ക്‌ലോഗ് അധികാരത്തിൽ വന്നാൽ നികത്തുമെന്ന വാഗ്ദാനം പാടേ മറന്ന ലക്ഷണമാണ് കാണുന്നത്. മാത്രമല്ല ഭരണയന്ത്രവും അർധ സർക്കാർ സ്ഥാപനങ്ങളുമാകെ മാർക്സിസ്റ്റ്വത്കരിക്കാനുള്ള വ്യഗ്രതയിൽ തഴയപ്പെടുന്നവരിൽ നല്ല പങ്ക് മുസ്‌ലിംകളാദി പിന്നാക്ക ന്യൂനപക്ഷ സമുദായക്കാരാണെന്ന പരാതിയും ഉയരുന്നു. സർവോപരി ഇ.എം.എസ് നമ്പൂതിരിപ്പാട് മുതൽ താഴോട്ടുള്ള നേതാക്കളിൽ അനുകരണീയമായി ചൂണ്ടിക്കാണിക്കപ്പെട്ട ലാളിത്യം പുതിയ തലമുറയിലെ നേതാക്കൾക്ക് മാതൃകയാവുന്നില്ലെന്ന് ജനങ്ങൾ നോക്കിക്കാണുന്നു. മുതലാളിത്ത ജീവിതശൈലിയുടെ മലവെള്ളപ്പാച്ചിലിൽ മൂല്യങ്ങൾ ഒഴുകിപ്പോയിട്ടുണ്ട്. നേര് തുറന്നു പറയുന്ന മാധ്യമങ്ങൾ സിണ്ടിക്കേറ്റ് അപവാദം നേരിടേണ്ടിവരുന്നു.

അമ്പതു വർഷം കൊണ്ട് സംഭവിച്ച ഈ മാറ്റം കാലത്തിന്റെ സ്വാഭാവിക പരിവർത്തനത്തിന്റെ പേരിൽ ഒരു പരിധിവരെ ന്യായീകരിക്കപ്പെടാം.ആഗോള കമ്യൂണിസത്തിന് നേരിട്ട തിരിച്ചടി ഇന്ത്യയിലോ കേരളത്തിലോ മാത്രം അനുരണനങ്ങൾ സൃഷ്ടിക്കാതിരിക്കുന്നതെങ്ങനെ എന്നും ചോദിക്കാം. ജനങ്ങളിൽ മഹാഭൂരിഭാഗവും പട്ടിണിയും പരിവട്ടവുമായി കഴിഞ്ഞിരുന്ന സാമൂഹിക പരിതഃസ്ഥിതിയാകെ മാറി വലിയൊരു വിഭാഗം മധ്യവർഗമെങ്കിലും ആയിക്കഴിഞ്ഞിരിക്കെ, പഴയതുപോലെ കടത്തിണ്ണകളിൽ മുണ്ട് വിരിച്ചുകിടക്കുകയും കഞ്ഞിയും കപ്പയും മാത്രം കഴിക്കുകയും ചെയ്യേണ്ട കാര്യമുണ്ടോ എന്നും പ്രതികരിക്കാം. പക്ഷേ എല്ലാ ന്യായീകരണങ്ങൾക്കും സാധൂകരണങ്ങൾക്കും അപ്പുറത്ത് ഗൗരവപൂർവമായ പുനരാലോചന ആവശ്യപ്പെടുന്നതാണ് സാമ്രാജ്യത്വ-മുതലാളിത്ത സാമ്പത്തിക-സാംസ്കാരികാധിനിവേശത്തിന്റെ മുമ്പിൽ നിലപാടുതറ നഷ്ടപ്പെടുത്തിയുള്ള കീഴടങ്ങൽ. പരമ്പരാഗത ബൂർഷ്വാ പാർട്ടികളും തൊഴിലാളിവർഗ പ്രസ്ഥാനവും തമ്മിലെ അന്തരം കൊടിയുടെ ചുവപ്പ് വർണത്തിൽ പരിമിതപ്പെടുത്തേണ്ട നിസ്സഹായതയിൽ ജനങ്ങൾ എത്തിപ്പെട്ടാൽ ഉയിർത്തെഴുന്നേൽപും തിരിച്ചുപോക്കും അസാധ്യമാവും.

കേവല ഭൗതിക പ്രത്യയശാസ്ത്രത്തിലൂന്നുന്ന ഏത് പ്രസ്ഥാനത്തിന്റെയും അനിവാര്യ പരിണതിയാണിതെന്ന തിരിച്ചറിവിലേക്കാണ് ഈയപഗ്രഥനം നമ്മെ എത്തിക്കുക. സ്രഷ്ടാവിനെ ഭയമോ സൃഷ്ടികളോട് ഹൃദയപൂർവമായ കടപ്പാടോ ഇല്ലാത്ത മനുഷ്യർ ഏതാദർശത്തിന്റെ പേരിൽ അറിയപ്പെട്ടാലും ഭൂമിക്ക് ഭാരവും ശാപവുമായിത്തീർന്നതാണ് ചരിത്രം. ഒരേസമയം ദൈവികവും മാനവികവുമായ മുഖങ്ങളുള്ള ജീവിതദർശനം മൗലികമായി സൃഷ്ടിക്കുന്ന പരിവർത്തനത്തിനും തജ്ജന്യമായ സദ്ഫലങ്ങൾക്കും പകരം നിൽക്കാൻ മറ്റൊന്നില്ല എന്ന് മുമ്പെന്നത്തേക്കാളും തെളിയുന്നു. ആ പരമസത്യത്തെ മതമൗലികവാദമെന്ന് പേരിട്ട് അപഹസിക്കുന്നതും നിരാകരിക്കുന്നതും മഹാ അവിവേകമായെന്ന് കാലം സാക്ഷ്യപ്പെടുത്താൻ പോവുന്നു. ■